(സി) ഇപ്പോൾ എത്ര ഹെൽത്ത് സെന്ററുകളിലാണ് ഡോക്ടർമാർ ഇല്ലാത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. നടപടി സ്വീകരിച്ചു വരുന്നു.

(സി) 188 ഹെൽത്ത് സെന്ററുകളിൽ സ്ഥിരം ഡോക്ടർമാർ ഇല്ല.

ഡോക്ടർമാരെ നിയമിക്കൽ

165 [1764] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ, ഒ.പി.യും ഐ.പി.യും കൂടുതലായതിനാൽ ഗൈനക്കോളജി വിഭാഗം ഡോക്ടറുടേയും മറ്റു സർജൻമാരുടേയും ഒഴിവുകളിലേക്ക് അടിയന്തിരമായി നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ട് കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. എൽ. എ. മുഖാന്തിരം നൽകിയ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ എന്നത്തേയ്ക്ക് നികത്തുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ഇപ്പോൾ പാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 5 ഡോക്ടർമാരുടെ ഒഴിവുകളാണുള്ളത് (സിവിൽ സർജൻ-2, അസിസ്റ്റന്റ് സർജൻ-3). അവ നികത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

റാന്നി താലൂക്കാശുപത്രിയിൽ ആവശ്യമായ ജീവനക്കാർ

166 [1765] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കാശുപത്രിയിൽ ഡോക്ടർമാരടക്കം എത്ര ജീവനക്കാരാണ് ഉണ്ടാകേണ്ടത്;

(ബി) ഇപ്പോൾ എത്ര തസ്തികകളാണ് അനുവദിച്ചിരിക്കുന്നത്; കിടത്തി ചികിത്സ ആരംഭിക്കുവാൻ മിനിമം വേണ്ട തസ്തികകൾ എത്രയാണ്;

(സി) പമ്പയിൽ മുഖ്യമന്ത്രികൂടി പങ്കെടുത്ത യോഗത്തിൽ കിടത്തി ചികിത്സ ആരംഭിക്കുവാൻ ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനം എടുത്തിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പിന്നീട് മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന യോഗത്തിൽ ആശുപത്രി സൂപ്രണ്ട് തസ്തിക ഉൾപ്പെടെ ഏതാനും തസ്തിക അനുവദിക്കുവാൻ എടുത്ത തീരുമാനം അനുസരിച്ച് പത്തനംതിട്ട ഡി. എം. ഒ. നൽകിയ ഫയലിന്റെ അടിസ്ഥാനത്തിൽ തസ്തിക അനുവദിക്കാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദീകരിക്കാമോ;

(ഇ) താലൂക്കാശുപത്രിക്കാവശ്യമായ മുഴുവൻ തസ്തികകളും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 100 കിടക്കകളുള്ള റാന്നി താലൂക്കാശുപത്രിയിൽ താഴെ പറയുന്ന ജീവനക്കാരാണ് ഉണ്ടാകേണ്ടത്.

മെഡിക്കൽ ആഫീസർ	..	4
സ്റ്റാഫ് നേഴ്സ്	..	17
ജെ.പി.എച്ച്.എൻ	..	4
ഫാർമസിസ്റ്റ്	..	2
ക്ലാർക്ക്	..	2
ക്ലറിക്കൽ അറ്റൻഡർ	..	2
ടൈപ്പിസ്റ്റ്	..	1
നഴ്സിംഗ് അസിസ്റ്റന്റ്	..	9
ആശുപത്രി അറ്റൻഡർ ഗ്രേഡ്-2	..	10
ആശുപത്രി അറ്റൻഡർ ഗ്രേഡ്-1	..	2
പി. ടി. എസ്	..	2
പ്യൂൺ	..	1
കുക്ക്	..	2

(ബി) റാന്നി താലൂക്കാശുപത്രിയിൽ താഴെ പറയുന്ന തസ്തികകൾ നിലവിലുണ്ട്.

അസിസ്റ്റന്റ് സർജൻ	..	5
സ്റ്റാഫ് നഴ്സ്	..	6
നഴ്സിംഗ് അസിസ്റ്റന്റ്	..	3
റേഡിയോഗ്രാഫർ	..	1
ലാബ് ടെക്നീഷ്യൻ	..	1
ഫാർമസിസ്റ്റ്	..	1
ഓഫ്താൽമിക് അസിസ്റ്റന്റ്	..	1
ആശുപത്രി അറ്റൻഡർ ഗ്രേഡ്-2	..	2
പി. ടി. എസ്	..	1
എൽ.ഡി.സി.	..	1
പ്യൂൺ	..	1

LIBRARY ARCHIVES Kerala Legislative Assembly

കിടത്തിചികിത്സ ആരംഭിക്കുന്നതിന് മിനിമം വേണ്ട തസ്തികകളുടെ എണ്ണത്തെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(സി) പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ ആശുപത്രി കെട്ടിടങ്ങളിൽ മുകളിൽ ഒരുനിലകൂടി കെട്ടി ജീവനക്കാർക്ക് താമസ സൗകര്യം ലഭ്യമാക്കി നിലവിലുള്ള സ്ഥലത്ത് രോഗികൾക്ക് കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കണമെന്നും ഇക്കാര്യം അടുത്ത ശബരിമല സീസണു മുൻപായി തന്നെ പൊതുമരാമത്ത് (കെട്ടിടങ്ങൾ) വകുപ്പ് നടപ്പിലാക്കണമെന്നും 24-1-2005-ൽ പമ്പ ദേവസ്വം ഹാളിൽ വച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന അവലോകന യോഗത്തിൽ തീരുമാനിച്ചു.

(ഡി) & (ഇ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ റാന്നി താലൂക്കാശുപത്രിക്ക് 5 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതേ സാമ്പത്തിക വർഷത്തിൽ അതേ ആശുപത്രിക്ക് അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങളാണ് കാലതാമസത്തിനുണ്ടായ കാരണം. നടപ്പ് സാമ്പത്തിക വർഷത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് അക്കാര്യം നിയമാനുസൃതം പരിശോധിക്കുന്നതാണ്.

മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ തസ്തികകൾ

167 [1767] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ ഏതെല്ലാം വിഭാഗം ഡോക്ടർമാരുടെ തസ്തികകളുണ്ട്.

(ബി) ഇതിൽ ഏതെല്ലാം വിഭാഗം ഡോക്ടർമാർ നിലവിലുണ്ട്;

(സി) ഒഴിവുള്ള തസ്തികകളിൽ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി എന്നത്തേക്ക് സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ സിവിൽ സർജൻമാരുടേയും, അസിസ്റ്റന്റ് സർജൻമാരുടേയും താഴെപറയും പ്രകാരമുള്ള തസ്തികകളാണ് നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly